**മേലെഴുത്ത് കത്ത് : DT/6647/2025-VC തീയതി : 18-03-2026**

2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക സ്പാർക്ക് സോഫ്റ്റ്‌വെയർ മുഖാന്തിരം ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് 15 ദിവസത്തെ സമയം കൂടി അനുവദിച്ചിരുന്നു. ആയത് നിലവിൽ 2026 മാർച്ച് 31 വരെ അനുവദിച്ചിരിക്കുന്നു. മേൽ സർക്കുലർ അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

**JD DTTVPM**

സ്വീകർത്താവ്: എല്ലാ സ്ഥാപന മേധാവികൾക്കും വകുപ്പ് വെബ്സൈറ്റ് മുഖേന

Digitally signed by
Shammi Baker A
Date: 18-03-2026
12:03:58

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (റൂൾസ് ബി) വകുപ്പ്**

നം. RuleB1/45/2025-PandARD തിരുവനന്തപുരം,

തീയതി: 12-03-2026

<u>സർക്കുലർ</u>

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്- 2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ ആയി ഫയൽ ചെയ്യുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 1) 22.12.2025 ലെ Rule B1/45/2025-PandARD നമ്പർ സർക്കുലർ.
2) 23.01.2026 ലെ Rule B1/45/2025-PandARD നമ്പർ സർക്കുലർ.

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം37, 39 എന്നിവ പ്രകാരം പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും 2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ്‌വെയർ മുഖാന്തിരം ഓൺലൈനായി 2026 ജനുവരി 15 നകം ഫയൽ ചെയ്യുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സൂചന (2) സർക്കുലർ പ്രകാരം, 2025 വർഷത്തെ സ്വത്ത് വിവര പത്രിക സമർപ്പിക്കുന്നതിന് 23.01.2026 മുതൽ 15 ദിവസത്തെ സമയം കൂടി അനുവദിച്ച് നൽകിയിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ 2025 വർഷത്തെ വാർഷിക സ്വത്ത് വിവര പത്രിക SPARK മുഖാന്തിരം ഫയൽ ചെയ്യാൻ കഴിഞ്ഞില്ലായെന്നും സമയം ദീർഘിപ്പിച്ച് നൽകണമെന്നും വിവിധ വകുപ്പുകളും ജീവനക്കാരും വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക ഇനിയും ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് ആയത് SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഫയൽ ചെയ്യുന്നതിന് ഈ സർക്കുലർ തീയതി മുതൽ 2026 മാർച്ച് 31 വരെ സമയം ദീർഘിപ്പിച്ച് നൽകുന്നു. ഈ സർക്കുലർ പ്രകാരമുള്ള സമയപരിധിയ്ക്ക് ശേഷം 2025 വർഷത്തെ സ്വത്ത് വിവര പത്രിക സമർപ്പിക്കുന്നതിന് ഇനി സമയം ദീർഘിപ്പിച്ചു നൽകുന്നതല്ല.

3) ജീവനക്കാർക്ക് SPARK സോഫ്റ്റ്‌വെയർ മുഖാന്തിരം സ്വത്ത് വിവര പത്രിക ഓൺലൈനായി സമർപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ധനകാര്യ (ITSF) വകുപ്പ് നടത്തേണ്ടതാണ്.

ലീന എ
അഡിഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ

സ്പെഷ്യൽ ഡ്യൂട്ടിക്കും,

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പകൾക്കും,

എല്ലാ സെക്ഷനുകൾക്കും.

ധനകാര്യ (ITSF) വകുപ്പ് (SPARK സോഫ്റ്റ് വെയർ മുഖാന്തരം ഓൺലൈൻ സമർപ്പണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന്)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (*www.pard.kerala.gov.in* ) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Dileep D
Date: 12-03-2026 14:59:18

സെക്ഷൻ ഓഫീസർ